**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **08-12-2022 - ൽ മറുപടിയ്ക്ക്**

**എം.സി. റോഡിനെ നാല് വരിപ്പാതയാക്കി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേശവദാസപുരത്ത് നിന്ന് ആരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിനെ നാല് വരിപ്പാതയാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേശവദാസപുരത്ത് നിന്ന് ആരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി റോഡിനെ നാല് വരിപ്പാതയാക്കുന്ന പദ്ധതി 2022 - 2023 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതാണ്. ഇതിനെ തുടർന്ന് 05.11.2022 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.1069/ 2022/PWD പ്രകാരം പദ്ധതിയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുവാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കേശവദാസപുരത്ത് നിന്ന് ആരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിന്റെയും കൊല്ലം ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി മുഖേന 1500 കോടിക്കുള്ള തത്വത്തിലുള്ള ഭരണാനുമതിയാണ് നൽകിയത്. |
| (സി) | സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ പ്ലാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ